**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1015

03.12.2014-ലെ മറുപടിയ്ക്ക്

## സമയബന്ധിതമായി പൂർത്തിയാക്കാത്ത കേന്ദ്ര ടൂറിസം പദ്ധതികൾ

ചോദ്യം
ശ്രീ.കെ.വി.അബ്ദുൾ ഖാദർ

ഉത്തരം
**ശ്രീ.എ.പി.അനിൽകുമാർ**
(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

(എ) കേന്ദ്ര ഗവൺമെന്റ് അനുവദിച്ച സംസ്ഥാനത്തെ ഏതെങ്കിലും ടൂറിസം പദ്ധതി, കാലാവധിയ്ക്കകം പണി പൂർത്തിയാക്കാൻ കഴിയാത്തതിന്റെ പേരിൽ റദ്ദാക്കി പണം തിരികെ അടച്ചിട്ടുണ്ടോ;

(എ) ഉണ്ട്.

(ബി) എങ്കിൽ ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം പദ്ധതികളുടെ കാര്യത്തിലാണ് പണം കേന്ദ്രത്തിന് തിരികെ അടച്ചതെന്നു വിശദമാക്കാമോ;

(സി) പണം തിരികെ അടക്കാൻ തീരുമാനിച്ച പദ്ധതികൾ കേന്ദ്രം അനുവദിച്ചിരുന്നത് ഏത് തീയതികളിലായിരുന്നുവെന്ന് അറിയിക്കുമോ;

**(ബി) യും (സി) യും**

വിശദ വിവരം താഴെ കൊടുക്കുന്നു.

| പദ്ധതി | കേന്ദ്രത്തിന് തിരിച്ചടച്ച തുക | കേന്ദ്രം അനുവദിച്ച തീയതി |
|---|---|---|
| Development of Munnar site, a Tourist Destination | ₹3,90,81,000/- | 29.06.2011 |
| Neriya Mangalam into Tourist Destination | ₹2,38,70,000/- | 26.09.2011 |
| Peruvannamoozhi & Kakkayam Dam Kozhikode | ₹4,00,00,000/- | 08.12.2011 |
| Developmnt of Karapuzha Damsite & Surroundings to a major destination | ₹1,93,62,000 | 08.12.2011 |

(ഡി) കേന്ദ്ര നിർദ്ദേശാനുസരണം സമയ ബന്ധിതമായി ടൂറിസം പദ്ധതികളുടെ നിർമ്മാണം ആരംഭിച്ച് പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയവർ ആരെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) സംസ്ഥാനത്തിനുണ്ടായ നഷ്ടത്തിനുത്തരവാദികളായ ഉദ്യോഗസ്ഥൻമാർക്കെതിരെ സ്വീകരിച്ച ശിക്ഷാ നടപടികൾ വിശദമാക്കാമോ?

**(ഡി) യും (ഇ) യും**

കേന്ദ്ര നിർദ്ദേശാനുസരണം സമയബന്ധിതമായി ടൂറിസം പദ്ധതി കളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിൽ വീഴ്ച വരാനുണ്ടായ പ്രധാന കാരണങ്ങൾ പദ്ധതി നിർവ്വഹണത്തിലെ കാലതാമസവും പ്രാദേശികവും പദ്ധതി പ്രദേശത്തെ സ്ഥലമെടുപ്പുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുമാണ്. കേരളത്തിലെ പ്രത്യേക കാലാവസ്ഥ വ്യതിയാനവും തുടർച്ചയായി ഉണ്ടാകുന്ന കാലവർഷവും കാരണം കേന്ദ്രം നൽകുന്ന സമയപരിധിക്കുള്ളിൽ പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാതെ വന്നിട്ടുണ്ട്. കൂടാതെ പദ്ധതി നടപ്പിലാക്കുമ്പോൾ ഒട്ടേറെ സാമൂഹ്യ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടതായി വരുന്നതും പദ്ധതി നിർവ്വഹണത്തിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ കേന്ദ്ര സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ പാലിച്ച് കേന്ദ്ര ഫണ്ട് തിരികെ അടയ്ക്കുവാൻ നിർബന്ധിതമായിട്ടുണ്ട്. പദ്ധതികൾ പൂർത്തിയാകുന്നതിൽ വരുന്ന കാലതാമസം പദ്ധതികൾ നഷ്ടപ്പെടാനും ലഭിച്ച തുക തിരിച്ച് നൽകാനും ഇടയാക്കു മെന്നതിനെക്കുറിച്ച് അതത് പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് മുൻകൂട്ടി നിർദ്ദേശം നൽകുകയും അത് പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധന നടത്തുകയും ചെയ്യാറുണ്ട്. സമയബന്ധിതമായി തീർക്കാൻ കഴിയാത്ത പദ്ധതികളുടെ സമയപരിധി നീട്ടികിട്ടുന്നതിനു വേണ്ടി കേന്ദ്ര ടൂറിസം വകുപ്പിന് അപേക്ഷ നൽകിയിട്ടും സമയപരിധി നീട്ടികിട്ടാത്ത പദ്ധതികളുമായി ബന്ധപ്പെട്ട തുകയാണ് തിരിച്ചടച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ